# SNDP യോഗം

# ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ
# SNPC





# മനീഷ വിസ്ഡം 4-ാം ഘട്ടം



- ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ (SNSE)
- ശ്രീനാരായണ ടാലന്റ് സെർച്ച് എക്സാമിനേഷൻ (SNTSE)
- കരിയർ കോച്ചിംഗ് സെന്ററുകൾ
- കരിയർ മോട്ടിവേഷൻ ക്ലാസുകൾ
- നോളജ് ബാങ്ക്
- ബ്രില്യന്റ് വേൾഡ് – പഠന സൗഹൃദ വാട്ട്സ്ആപ്പ് പോർട്ടൽ




---


**Sree Narayana Pensioners' Council**
Central Committee, Kollam-691001

Working Office : SNDP Union Building, Chembukkavu, Thrissur - 680020. Ph : 04873551791
Email : snpcouncil2020@gmail.com Website : www.snpcjalakam.org

SNDP യോഗം

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC)




# മനീഷ വിസ്ഡം
# 4–ാം ഘട്ടം

## ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ SNSE
## ശ്രീനാരായണ ടാലൻറ് സെർച്ച് എക്സാമിനേഷൻ SNTSE

- വിദ്യാർത്ഥികളുടെ IQ ലെവൽ കണ്ടെത്തുക
- വിദ്യാർത്ഥികളുടെ അഭിരുചി കണ്ടെത്തുക
- മത്സരപരീക്ഷകൾക്ക് തയ്യാറാകാൻ കരിയർ കോച്ചിംഗ്
- പഠനോത്സുകതയ്ക്ക് മോട്ടിവേഷൻ
- വിവിധ മേഖലകളിലെ അറിവുകൾ സമുദായത്തിന്
- പിന്തുടർന്ന് അറിവും നേർവഴിയും നൽകുന്ന ബ്രില്യന്റ് വേൾഡ്
- എട്ടുവർഷംകൊണ്ട് 16,500 ചോദ്യോത്തരങ്ങൾ
- മത്സരപരീക്ഷകൾക്ക് ആത്മവിശ്വാസം
- SNDP യോഗത്തെയും ഗുരുവിനെയും അറിയാൻ
- രവിവാര പാഠശാലകൾ ശക്തമാക്കൽ





# മനീഷ വിസ്ഡം
# കോ – ഓർഡിനേഷൻ കമ്മിറ്റി



**കെ. എം. സജീവ്**
പ്രസിഡണ്ട്, 9447 231 994



**അഡ്വ. എം. എൻ. ശശിധരൻ**
സെക്രട്ടറി, 9447 526 738



**ഡോ. ആർ. ബോസ്**
ട്രഷറർ, 9037 644 729




**ഡോ. കെ. സോമൻ**
കോ – ഓർഡിനേറ്റർ, 9447 105 821



**ഡോ. ഷിബു പണ്ടാല**
മെമ്പർ, 9447 616 698



**സുധീഷ്കുമാർ പി.**
മെമ്പർ, 9747 035 501
(അഡ്മിൻ ബ്രില്യന്റ് വേൾഡ്)



# സെൻട്രൽ കമ്മിറ്റി അംഗങ്ങൾ

## SNPC
## Vice Presidents



Dr. K. Soman



Venugopalan P. K.



Dr. D. Shibu Pandala



Ponnurunni Umeswaran



Vijayakumar V. R.



Adv. P. S. Vijayakumar

## Joint Secretaries



M. K. Soman



Aisha Radhakrishnan



Ganesh Rao L




Anitha Shaji



Shajimon



Sudheeshkumar P.



# സെൻട്രൽ കമ്മിറ്റി അംഗങ്ങൾ

## Executive Committee


Adv. P. Rajan Banerji


Surendran V. Kuzhithura


M. K. Narayanan


T. K. Vijayan


Harshan P.


Venugopalan C. N.


Santhosh A.


Baburaj P. K.


Guruprasanna


Haridhas V. K.


K. B. Sadhujan



Biji P. R.


Rajeevan M. V.


C. K. Telfy


Dr. D. Prakashan


Ambujaksha Panicker



# ഭരണതലങ്ങളിൽ സ്വാധീനമുള്ള കസേരകളിൽ സമുദായസ്നേഹികൾ എത്തിയാലേ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളൂ.

പ്രിയമുള്ളവരെ,

സമുദായാംഗങ്ങൾ എന്നും താഴെത്തട്ടിലുള്ള ജോലികൾ ചെയ്യുന്നവർ മാത്രമായാൽ മതിയോ ? അധികാരം കയ്യാളുന്ന ഭരണാധികാരികളും ഉദ്യോഗസ്ഥന്മാരുമായി അവർ മാറണം. അതിന് കൃത്യമായ പ്രവർത്തന പദ്ധതികൾ വേണം. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ എന്ന പോഷക സംഘടന SNDP യോഗത്തിനുവേണ്ടി ഏറ്റെടുത്തിരിക്കുന്ന മനീഷ വിസ്ഡം പദ്ധതിയിൽ ധാരാളം ക്രിയാത്മകമായ പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്നതിൽ അഭിമാനം ഉണ്ട്.

മനീഷ - വിസ്ഡത്തിന്റെ 1, 2, 3 ഘട്ടങ്ങൾ പൂർത്തിയായപ്പോൾ പുതുതലമുറയിലെ ആയിരക്കണക്കിന് പേരിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞത് മാതൃകാപരമാണ്. SNPC പ്രസിദ്ധീകരിച്ച 14 പുസ്തകങ്ങൾ വിജ്ഞാനത്തിന്റെ കലവറയാണ്.

എന്നാൽ SNDP യോഗത്തിന്റെ ഈ പ്രവർത്തനപദ്ധതി മുഴുവൻ യൂണിയനുകളും ഏറ്റെടുത്തിട്ടില്ല. അത്, താൽപര്യമുള്ള നമ്മുടെ കുട്ടികളുടെ അവസരം നിഷേധിക്കുന്നതിന് തുല്യമാണ്. മനീഷ - വിസ്ഡം 4-ാം ഘട്ടം ആരംഭിക്കുന്നതിന് മുൻപ് എല്ലാ യൂണിയനുകളിലും SNPC രൂപീകരിക്കണം. സ്കോളർഷിപ്പ് ടാലന്റ് പരീക്ഷകളിൽ പരമാവധി കുട്ടികളെ ചേർക്കണം. പോഷക സംഘടനകളും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകണം. രവിവാര പാഠശാലകളിൽ സ്കോളർഷിപ്പ് പഠനം നിർബന്ധമാക്കണം.

അതിരുകളില്ലാത്ത ആകാശം അവർക്കു മുന്നിൽ തുറക്കട്ടെ. സ്കൂൾ പഠനകാലയളവിൽ തന്നെ മത്സര പരീക്ഷകളെ നേരിടാൻ അവർക്ക് ശേഷി ഉണ്ടാകട്ടെ. അഭിരുചി തിരിച്ചറിഞ്ഞാകട്ടെ പഠനം.

**ഒന്നിച്ചു ചേർന്ന് ഒന്നായി നന്നാവാം...**



കണിച്ചുകുളങ്ങര **പത്മഭൂഷൺ വെള്ളാപ്പള്ളി നടേശൻ**
1-8-2026 ജനറൽ സെക്രട്ടറി, SNDP യോഗം

## ഒരു വാക്ക്


നവോത്ഥാന ശിൽപിയായ ശ്രീനാരായണഗുരുവിന്റെ തൃക്കരങ്ങളാൽ രൂപംകൊടുത്ത SNDP യോഗം പാർശ്വവൽക്കരിക്കപ്പെട്ട വലിയൊരു സമൂഹത്തെ ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ടുകാലത്തെ പ്രവർത്തനസപര്യകൊണ്ട് മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തി. സാമുദായിക സംവരണം ഉറപ്പാക്കി അധികാരത്തിന്റെ വിവിധ മേഖലകളിൽ ജോലി ലഭിക്കാനും, സുസ്ഥിരമായ ഒരു കുടുംബജീവിതം പ്രദാനം ചെയ്യാനും അവകാശങ്ങൾക്കു വേണ്ടി നിരന്തരം സമരം നടത്തിയ സംഘടനയാണ് SNDP യോഗം. ഓരോ സംവത്സരങ്ങൾ പിന്നിടുമ്പോഴും ശാസ്ത്രലോകത്ത് സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ജെൻസീ, ആൽഫ, ബീറ്റ തലമുറകളിലും മാറ്റങ്ങൾ ഉണ്ടാകുന്നു.

വിദ്യകൊണ്ട് പ്രബുദ്ധരാകുവാൻ മഹാഗുരു നൽകിയ സന്ദേശം മനസ്സാവരിച്ച ഈ സമുദായം ഇന്ന് വിദ്യാഭ്യാസത്തിൽ മുൻപന്തിയിലാണ്. എന്നാൽ അനിവാര്യമായ ദിശാബോധത്തിലൂടെ കാലാനുസൃതമായ ഉയർന്ന വിദ്യാഭ്യാസവും മികച്ച ജോലിയും കരസ്ഥമാക്കാനുള്ള ദീർഘവീക്ഷണവും ദൃഢചിന്തയും എത്ര പേരിലുണ്ട് ? പരമ്പരാഗത രീതിയിലുള്ള വിദ്യാഭ്യാസത്തിനു പകരം ആധുനികമായ സാധ്യതകൾക്കനു

സരിച്ച് ലക്ഷ്യബോധം നിശ്ചയിക്കലും ചിട്ടയായ പഠനരീതിയും, ഭരണത്തിന്റെ ഉയർന്ന തലങ്ങളിൽ എത്താനുള്ള ത്വരയും ഒരു വിദ്യാർത്ഥിക്ക് വേണം.

ഇതിന് രക്ഷാകർത്താവ്, അധ്യാപകൻ, വിദ്യാർത്ഥി കൂടാതെ നേരായ വഴി കാണിച്ചു കൊടുക്കുവാൻ കഴിയുന്ന സംഘടനയും ഒറ്റക്കെട്ടായി കൂടെയുണ്ടാകണം. SNDP യോഗത്തിന്റെ പോഷക സംഘടനയായ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന്റെ (SNPC) പ്രവർത്തനങ്ങളിലൂടെ SNDP യോഗം ലക്ഷ്യമിടുന്നത് ഭാവിതലമുറയെ സുരക്ഷിതമായ പഠനവും, കരിയർ ഗൈഡൻസും നൽകി അർഹതപ്പെട്ട സ്ഥാനങ്ങളിൽ എത്തിക്കുക എന്നതാണ്.

ഇതിനായി SNPC സംഘടിപ്പിക്കുന്ന പ്രതിഭാ സംഗമം, കരിയർ ഗൈഡൻസ് / മോട്ടിവേഷൻ ക്ലാസുകൾ, അർഹരായ പ്രതിഭകളെ കണ്ടെത്താൻ നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷ (SNSE), കുട്ടികളിൽ അന്തർലീനമായിരിക്കുന്ന അഭിരുചികൾ തിരിച്ചറിയാ നുള്ള ശാസ്ത്രീയമായ ടാലന്റ് സർച്ച് പരീക്ഷ (SNTSE), ഇവയിലെല്ലാം മികവു തെളിയിക്കുന്ന വിദ്യാർത്ഥികളെ വിടാതെ പിന്തുടർന്ന് ദൈനംദിനം എന്നോണം ഓൺലൈൻ ആയി Knowledge is God എന്ന അറിവ് ഉത്സവ പദ്ധതികൾ...



SNDP യോഗനിർദ്ദേശ പ്രകാരം SNPC ഏറ്റെടുത്ത് നടത്തുന്ന മേൽപദ്ധതികളിൽ പങ്കെടുത്ത് സഹകരിക്കുന്നവരിൽ എത്രപേർക്ക് സിവിൽ സർവ്വീസ്, എത്രപേർ മെഡിക്കൽ / പാരാമെഡിക്കൽ, എത്രപേർ എഞ്ചിനീയറിങ് / സയന്റിസ്റ്റ്, ഐ.ടി. പ്രൊഫഷണൽ, സാങ്കേതിക വിദഗ്ധർ തുടങ്ങിയ ഉയർന്നതും താഴെയുള്ളതുമായ വിദ്യാഭ്യാസത്തിന് അഭിരുചിയുണ്ട് എന്ന് കൃത്യമായി വിവരം നൽകി, ഗോൾ സെറ്റ് ചെയ്ത്, കൃത്യമായ കോഴ്സിലേക്കും കരിയറിലേക്കും പോകാൻ പ്രചോദനം നൽകും. സ്കോളർഷിപ്പ് പരീക്ഷകളിലൂടെ അവരുടെ IQ ലെവൽ വ്യക്തമായി അവരെ ബോധ്യപ്പെടുത്തി സ്വത്വബോധം ഉണ്ടാക്കും.

ഐതിഹാസികമായ ഈ പ്രവർത്തനങ്ങളിൽ എല്ലാ SNDP യൂണിയൻ സമിതികളും, അതുപോലെ തന്നെ ശാഖാ പ്രവർത്തകരും, വനിതാ സംഘം, യൂത്ത് മൂവ്മെന്റ്, സൈബർ സേന ഉൾപ്പെടെയുള്ള പോഷകസംഘടനകളും ഒരേ മനസ്സോടെ പങ്കാളികളാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.


**ഗുരുദേവ നാമത്തിൽ**

**കെ. എം. സജീവ്**
പ്രസിഡണ്ട്, 9447 231 994

**അഡ്വ. എം. എൻ. ശശിധരൻ**
സെക്രട്ടറി, 9447 526 738

**ഡോ : ആർ. ബോസ്**
ട്രഷറർ, 9037 644 729

**ഡോ : കെ. സോമൻ**
കോ-ഓർഡിനേറ്റർ, 9447 105 821




# ശ്രീനാരായണ സ്കോളർഷിപ്പ് പരീക്ഷ SNSE

SNDP യോഗത്തിന് കീഴിൽ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ മുഖേന SNDP യൂണിയൻ, ശാഖ, പോഷക സംഘടന കളുടെ സഹകരണത്തോടെ നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള (Std. 5 to 12) ബൗദ്ധിക നിലവാര പരിശോധന പരീക്ഷയാണ് SNSE. ഇതിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള സ്കോളർഷിപ്പ് പരീക്ഷാ സഹായി അച്ചടിച്ചു നൽകും. രണ്ടു ഘട്ടങ്ങളിലായി ആണ് പരീക്ഷ നടത്തുന്നത്. പ്രിലിമിനറി പരീക്ഷയിൽ 85% മാർക്ക് വാങ്ങുന്ന വർക്കായി രണ്ടാംഘട്ടം ഫൈനൽ പരീക്ഷ നടത്തും. ഫൈനൽ പരീക്ഷയിൽ 80% - ൽ അധികം മാർക്ക് വാങ്ങുന്നവർക്ക് വൺ ടൈം സ്കോളർഷിപ്പും സർട്ടിഫിക്കറ്റും ലഭിക്കും. ഓരോ ക്ലാസിലെയും ഉയർന്ന മാർക്ക് വാങ്ങുന്ന മൂന്ന് പേർക്ക് വീതം (റാങ്ക് ഹോൾ ഡേഴ്സിന്) സർട്ടിഫിക്കറ്റ്, ക്യാഷ് അവാർഡ് എന്നിവ ലഭിക്കും.

## SNSE എന്തിന്

സ്കൂൾതലങ്ങളിലെ വാർഷിക പരീക്ഷയുടെ അടിസ്ഥാന ത്തിൽ നമ്മുടെ കുട്ടികളുടെ ബൗദ്ധിക നിലവാരം വിലയിരുത്തു വാൻ കഴിയില്ല. ഒരാളുടെ IQ എന്നത് അവർ പഠിക്കുന്നതും, സ്വയമേവ സ്വായത്തമാക്കുന്നതും, അയാളിൽ അന്തർലീനമായിരിക്കു ന്നതുമായ വിവിധ കഴിവുകളുടെ ആകെ തുകയാണ്. സ്കൂൾ പരീക്ഷകളിൽ പാഠഭാഗം മാത്രമേ വരുന്നുള്ളൂ എന്നതിനാൽ ഇത്തരത്തിൽ ബഹുമുഖ മേഖലകളിൽ നിന്ന് അവരുടെ അറിവുകൾ എത്രത്തോളം ഉണ്ടെന്ന് സ്കോളർഷിപ്പ് പരീക്ഷയിലൂടെ കണ്ടെ ത്തുന്നത് ഒരാളുടെ ശോഭനമായ ഭാവിക്ക് അത്യന്താപേക്ഷിതമാണ്.



## ലക്ഷ്യങ്ങൾ

1. SNDP വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ മികവ് പുലർത്തുന്നവരെ കണ്ടെത്തി ദിശാബോധം നൽകി ഉയർന്ന വിദ്യാഭ്യാസത്തിനും ഉന്നതമായ തൊഴിൽ നേടുന്നതിനും സഹായിക്കുക.
2. SNSE-യിൽ പങ്കെടുക്കുന്നവരുടെ ബൗദ്ധികനിലവാരം അനുസരിച്ച് അവർക്കുവേണ്ട മേഖലകൾ കണ്ടെത്താൻ സഹായിക്കുക.
3. "ആകാശമാണ് പരിധി" എന്ന തത്വത്തിലൂടെ പഠനത്തിന്റെയും അവസരങ്ങളുടെയും വലിയൊരു വാതായനം തുറന്നു നൽകുക.
4. ഗോൾ സെറ്റ് ചെയ്ത് ലക്ഷ്യത്തിലെത്താൻ സ്വയം പഠനശേഷി വളർത്താൻ സഹായിക്കുക.
5. 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ SNPC നൽകുന്ന മത്സരപരീക്ഷ / സ്കോളർഷിപ്പ് പഠന പാഠപുസ്തകങ്ങളിലുള്ള പതിനാറായിരത്തിലധികം ചോദ്യങ്ങളും ഉത്തരങ്ങളും പഠിക്കുന്ന ഒരാൾ ഏതു മത്സര പരീക്ഷകളെയും അഭിമുഖീകരിക്കുവാൻ പ്രാപ്തരാകും, പഠനത്തിൽ സ്വയം പര്യാപ്തരാകും.
6. 60% പാഠപുസ്തകങ്ങളിലെയും 40% പൊതുവിജ്ഞാനവും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള പുസ്തകം അറിവിന്റെ വിശാലമായ ലോകം കുട്ടികൾക്ക് നൽകും.
7. മത്സരപരീക്ഷകളിൽ വിജയിക്കാനുള്ള ആത്മവിശ്വാസം പഠനത്തിലൂടെ വികസിപ്പിച്ചെടുക്കും.
8. ഓരോ ക്ലാസിലും ഉയർന്നു വരുന്നതിനനുസരിച്ച് സ്കോളർഷിപ്പ് പരീക്ഷ എഴുതുമ്പോൾ അറിവ് വർദ്ധിപ്പിച്ച് ബുദ്ധിവൈഭവമുള്ള പുതിയ തലമുറയെ വാർത്തെടുക്കാം.
9. SNDP യോഗം അതിന്റെ അടുത്ത തലമുറയെ ഭരണത്തിന്റെ

താക്കോൽ സ്ഥാനങ്ങളിലും ഉയർന്ന ജോലികളിലും എത്തിക്കാനുള്ള കരുതലിന്റെ ഭാഗമാണ് SNSE.

10. വിജയിക്കുന്നവർക്ക് സ്കോളർഷിപ്പ്, റാങ്ക് ഹോൾഡേഴ്സിന് പ്രത്യേക ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും തുടങ്ങി നിരവധി പ്രോത്സാഹന പദ്ധതികൾ നൽകുക വഴി കുട്ടികളിലെ പഠന താൽപര്യം വർദ്ധിപ്പിക്കുക.

## SNSE പരീക്ഷ ആർക്കൊക്കെ

സ്റ്റേറ്റ്, CBSE / ICSE സിലബസുകളിൽ 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ ഇംഗ്ലീഷ് / മലയാളം മീഡിയത്തിൽ പഠിക്കുന്ന SNDP കുടുംബാംഗങ്ങൾക്ക് ഈ പരീക്ഷയിൽ പങ്കെടുക്കാം. തുടർച്ചയായി എല്ലാ വർഷവും സ്കോളർഷിപ്പ് പരീക്ഷ എഴുതണം. ഇതുവഴി ഏത് മത്സര പരീക്ഷയെയും അഭിമുഖീകരിക്കാനുള്ള ആത്മ വിശ്വാസവും അതിൽ വിജയിക്കാനുള്ള ബ്രില്യൻസും മത്സരാത്മകമായ മാനസികശേഷിയും, നല്ല ജീവിതവിജയവും ആർജ്ജിക്കാം.

## രജിസ്ട്രേഷൻ

2026 ആഗസ്റ്റ് 17-ന് രജിസ്ട്രേഷൻ ആരംഭിക്കും. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന്റെ (SNPC) വെബ്സൈറ്റ് www.snpcjalakam.org വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. SNDP യൂണിയൻ, ശാഖകൾ, പോഷക സംഘടനകൾ, SNPC സമിതികൾ തുടങ്ങിയവർ രജിസ്ട്രേഷന് വേണ്ട സഹായങ്ങൾ ചെയ്യുന്നതാണ്.

5, 6, 7 ക്ലാസുകളിൽ പഠിക്കുന്നവർ പഠനസഹായി, രജിസ്ട്രേഷൻ, പരീക്ഷ എന്നീ ചെലവുകൾക്കായി 300 രൂപയും, 8 മുതൽ 12 വരെ ക്ലാസ്സുകാർ 350 രൂപയുമാണ് അടയ്ക്കേണ്ടത്.

രജിസ്ട്രേഷൻ നടത്തുമ്പോൾതന്നെ ഫീസ് അടയ്ക്കാനുള്ള സംവിധാനമുണ്ട്. 31-10-2026ന് രജിസ്ട്രേഷൻ ക്ലോസ് ചെയ്യും. 27-12-2026ന് പ്രാഥമികഘട്ട പരീക്ഷയും, 14-1-2027ന് ഫൈനൽ പരീക്ഷയും നടത്തും. 20-2-2027ന് മുമ്പായി സ്കോളർഷിപ്പ് സർട്ടിഫിക്കറ്റുകൾ, ക്യാഷ് അവാർഡ് എന്നിവ വിതരണം ചെയ്യും

## പഠനോപകരണങ്ങൾ

രജിസ്റ്റർ ചെയ്ത എല്ലാവർക്കും ക്ലാസ് തിരിച്ച് തയ്യാറാക്കിയിട്ടുള്ള, മത്സര / സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള പുസ്തകങ്ങൾ SNDP യൂണിയൻ, ശാഖകൾ വഴി ലഭ്യമാക്കുന്നതാണ്. തുടർച്ചയായി സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന ഓരോ കുട്ടിയും 12-ാം ക്ലാസ് ആകുമ്പോഴേക്കും 16,500 ചോദ്യോത്തരങ്ങൾ പഠിക്കും. ഇതാണ് അവരെ ഭാവിയിൽ ആരാകണമെന്ന ലക്ഷ്യബോധത്തിൽ എത്താൻ സഹായിക്കുന്നത്.

## ടാർജറ്റ്


ഓരോ ക്ലാസിലും ആദ്യം രജിസ്റ്റർ ചെയ്യുന്ന 3,000 പേർക്കു മാത്രമാണ് അവസരമുള്ളത്. ഒരു ശാഖയിൽ നിന്ന് ഏറ്റവും കുറഞ്ഞത് 10 പേരെയും, ഒരു യൂണിയനിൽ നിന്ന് ഏറ്റവും കുറഞ്ഞത് 500 പേരെയും രജിസ്റ്റർ ചെയ്യിക്കണം. റാങ്ക് ഹോൾഡേഴ്സിന് ക്യാഷ് പ്രൈസ്, ഏറ്റവും കൂടുതൽ കുട്ടികളെ രജിസ്റ്റർ ചെയ്യുന്ന യൂണിയൻ, ശാഖ, വനിതാ സംഘം, SNPC യൂണിയൻ എന്നിവർക്ക് മനീഷ വിസ്ഡം അവാർഡുകൾ നൽകും.

ഏറ്റവും കൂടുതൽ കുട്ടികളെ ഒന്നിച്ച് രജിസ്റ്റർ ചെയ്യുന്ന സ്കൂൾ, അവിടുത്തെ മികച്ച അധ്യാപകർ എന്നിവർക്ക് പ്രത്യേക അവാർഡ് നൽകും. ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി റാങ്ക്

സ്കോളർഷിപ്പ് എന്നിവ വാങ്ങുന്നവരെ Brilliant World എന്ന പോർട്ടലിലൂടെ തുടർ പഠന ഉപദേശ നിർദ്ദേശങ്ങൾ നൽകും. മാർക്ക് കുറവ് വാങ്ങുന്നവർക്ക് കരിയർ മോട്ടിവേഷൻ ഗൈഡൻസുകളും ക്ലാസുകളും നൽകും (ആവശ്യപ്പെടുന്ന യൂണിയനുകൾക്ക്).

## രക്ഷാകർത്താക്കളോട്

ഒരു ജന്മം മുഴുവൻ അദ്ധ്വാനിച്ച് തങ്ങളുടെ കുട്ടികളെ ആവുന്നത്ര ഉന്നത വിദ്യാഭ്യാസം നൽകാനും നല്ലൊരു ഭാവി ഉണ്ടാക്കുവാനും ആകാംക്ഷയോടെ കാത്തിരിക്കുന്നവരല്ലേ നിങ്ങൾ ? പ്ലസ് ടു കഴിഞ്ഞ് ഡോക്ടറാക്കാനും നേഴ്സ് ആക്കാനും എഞ്ചിനീയർ ആക്കാനും പലരും മത്സരിക്കാറുണ്ട്. പക്ഷേ ഒരു കാര്യം നിങ്ങൾ മറക്കുന്നു. ഒരിക്കലെങ്കിലും അവരുടെ അഭിരുചി ശാസ്ത്രീയമായി അവരെ മനസ്സിലാക്കിക്കുകയോ, നിങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടോ. 12-ാമത്തെ വയസ്സിൽ ഒരു കുട്ടിയുടെ ലക്ഷ്യം / ഗോൾ സെറ്റ് ചെയ്യാൻ നിങ്ങൾ സഹായിച്ചിട്ടുണ്ടോ ? അതിനായി പിന്തുടർന്ന് അറിവ് നൽകാൻ കഴിഞ്ഞിട്ടുണ്ടോ ? ഒരു കുട്ടി ജനിക്കുമ്പോൾ തന്നെ ഇവനെ / ഇവളെ ഇന്ന നിലയിൽ ആക്കണം എന്ന് മനസ്സിൽ സ്വപ്നം കാണുകയും, ഇതിനായി ആ കുട്ടിക്ക് താൽപര്യമില്ലെങ്കിലും വലിയ കോഴ കൊടുത്ത് അഡ്മിഷൻ വാങ്ങിക്കൊടുക്കാറുമല്ലേ ചെയ്യുന്നത്. “PSC പരീക്ഷ എഴുത്, ജോലി വാങ്ങൂ” എന്ന് നിങ്ങൾ നിർബന്ധിക്കുമ്പോൾ, പഠനകാലയളവിൽ എന്തെങ്കിലും മത്സര പരീക്ഷകൾക്ക് തയ്യാറാകാൻ പരിശീലനം നൽകിയോ, താൽപര്യമില്ലാത്ത കോഴ്സിനും ജോലിക്കും നിങ്ങൾ അവരെ നിർബന്ധിച്ചയക്കുമ്പോൾ, മിക്കവരുടെയും പരിണിതഫലം




കൗൺസിലിങ്ങിന് അയയ്ക്കുകയോ കോഴ്സ് ഇടയ്ക്ക് വെച്ച് നിർത്തി പോരുകയോ അല്ലേ. ഇതിനായാണ് SNDP യോഗം SNPC വഴി നിങ്ങളുടെ കുട്ടികൾക്ക് ദിശാബോധം നൽകാനും, ഉയർന്ന പഠനത്തിലേക്ക് തിരിച്ചുവിടാനും, നേർവഴിയിലൂടെ അർഹതപ്പെട്ട വലുതും ചെറുതുമായ ജോലികളിൽ എത്താൻ സഹായിക്കുന്ന രണ്ട് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

## ശ്രീനാരായണ ടാലന്റ് സെർച്ച് എക്സാമിനേഷൻ SNTSE

വെറും 100 രൂപ മുടക്കി രജിസ്റ്റർ ചെയ്താൽ നിങ്ങളുടെ കുട്ടിയുടെ അഭിരുചി എന്താണെന്നും എങ്ങനെ പഠനം നടത്തണമെന്നും ശാസ്ത്രീയമായി അപഗ്രഥിച്ച് ഞങ്ങൾ പറഞ്ഞു തരും.

## ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ SNSE

വെറും 300 അല്ലെങ്കിൽ 350 രൂപ മുടക്കി വലിയൊരു മൂല്യമുള്ള പഠന വിജ്ഞാനഗ്രന്ഥം നൽകി സ്കൂൾ പഠനത്തോടൊപ്പം മത്സരപരീക്ഷയ്ക്ക് തയ്യാറാകാനും, ഓരോ വർഷവും അറിവ് വർദ്ധിപ്പിക്കാനുമുള്ള ഒരു വിജ്ഞാന പരീക്ഷയാണ് ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ. ഇതിലൂടെ നമ്മുടെ കുട്ടികളുടെ IQ ലെവൽ നിരീക്ഷിച്ച് ഉയർന്ന തലങ്ങളിലേക്ക് അവരെ നയിക്കാം. 300 അല്ലെങ്കിൽ 350 രൂപയുടെ വലുപ്പം പറഞ്ഞ് നമ്മുടെ കുട്ടികൾക്ക് ഇത് നിഷേധിക്കാതിരിക്കുക. വലിയ പഠിപ്പിസ്റ്റുകൾക്ക് വേണ്ടി മാത്രമല്ല ഇത്, എല്ലാവരും എല്ലാവർഷവും (5th Std. to 12th Std.) ഇത് ചെയ്യണം. SNDP യോഗമാണ് നിങ്ങളെ ചേർത്തുനിർത്തി, സ്കോളർഷിപ്പ് കുട്ടികൾക്ക് നൽകുന്നത്.




## വിദ്യാർത്ഥികളോട്

പന്ത്രണ്ടാം വയസ്സിൽ താൻ ആരാകണമെന്ന് നിശ്ചയിക്കുകയും ഗോൾ തീരുമാനിക്കുകയും അതിനായി പഠിക്കുകയും ചെയ്യുക. അതിനുവേണ്ടി ടാലന്റ് പരീക്ഷ എഴുതണം. പഠനം കഴിഞ്ഞല്ല മത്സരപരീക്ഷയ്ക്ക് തയ്യാറാകേണ്ടത് പഠനത്തോടൊപ്പമാണ്. ഇതിനായി ലഭിക്കാവുന്നത്ര സ്കോളർഷിപ്പ് പരീക്ഷകൾ എഴുതണം. ഇതിനായി ധാരാളം പഠനം നടത്തണം. ഇത് നിങ്ങൾക്ക് സ്കൂൾ പഠനം എളുപ്പമാക്കാനും സഹായിക്കും. ഈ വർഷം മുതൽ സ്കൂൾ പഠനം അവസാനിക്കുന്നത് വരെ ശ്രീനാരായണ സ്കോളർഷിപ്പ് പരീക്ഷ എഴുതും എന്ന് പ്രതിജ്ഞ ചെയ്യുക.

## എസ്എൻഡിപി യൂണിയൻ ശാഖാ ഭാരവാഹികളോട്

കഴിഞ്ഞ 10 വർഷമായി ഒരു സമുദായ സംഘടന മതപഠനത്തിനൊപ്പം അവരെ ബൗദ്ധികമായി വളർത്താനായി കരിയർ കോച്ചിംഗ് നൽകിയതിന്റെ ഫലം നമുക്കിന്ന് സർക്കാർ ഓഫീസുകളിൽ കാണാം. ഭരണത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ സമുദായ അംഗങ്ങളെ ത്തണമെന്ന SNDP യോഗത്തിന്റെയും, ജനറൽ സെക്രട്ടറിയുടെയും കാഴ്ചപ്പാട് നമ്മൾ യാഥാർത്ഥ്യമാക്കണം. യൂണിയനും ശാഖകളും സമുദായ അംഗങ്ങളിലെ എല്ലാ കുട്ടികളെയും ഇതിനായി പ്രേരിപ്പിക്കണം. രവിവാര പാഠശാല ശക്തമാക്കി, സ്കോളർഷിപ്പ് പഠനത്തിന്റെയും കേന്ദ്രമാക്കണം.

❖❖❖❖❖



## ശ്രീനാരായണ ടാലൻറ് സർച്ച് എക്സാമിനേഷൻ (SNTSE)

## എന്തിനാണ് ? എന്താണ് ?

വേണ്ടത്ര ശാസ്ത്രീയമായ ദിശാബോധമുള്ള വിദ്യ നേടിയ ഒരു വ്യക്തി രാജ്യത്തിന്റെയും, കുടുംബത്തിന്റെയും, സമൂഹത്തിന്റെയും സ്വത്താണ്. ഒരാളുടെ അഭിരുചി എന്താണെന്ന് തിരിച്ചറിയാതെ ചെയ്യുന്ന വിദ്യാഭ്യാസം, അർഹതപ്പെട്ടതും സ്കിൽ അനുസരിച്ചുമുള്ള ജോലി ലഭിക്കാതെ കിട്ടുന്ന ജോലി കൊണ്ട് തൃപ്തിയടയേണ്ടി വരും. ആയതുകൊണ്ട് വിദ്യാഭ്യാസ കാലഘട്ടത്തിൽ, വേണ്ട സമയത്ത് അഭിരുചികൾ സ്വയം തിരിച്ചറിയണം. 12 വയസ്സ് ആകുമ്പോൾ ഗോൾ അഥവാ താൻ ആരായിത്തീരണമെന്ന് നിശ്ചയിക്കണം. ടാലന്റ് അഥവാ അഭിരുചിക്കനുസരിച്ച് / പഠനശേഷിക്കനുസരിച്ച് കോഴ്സുകൾ പഠിച്ച് ഉയർന്ന ഭരണസ്ഥാനങ്ങളിൽ ജോലി നേടണം. ഇതിനായി പ്ലസ്ടു - വിന് താഴെ പഠിക്കുമ്പോൾ തന്നെ ടാലന്റ് പരീക്ഷ എഴുതണം.

ഈ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, അതാത് യൂണിയനുകളിലും ശാഖകളിലും നിശ്ചയിക്കപ്പെടുന്ന പരീക്ഷാ കേന്ദ്രത്തിൽ വച്ച് പരീക്ഷയെഴുതാം. ഇത് ഒരു മത്സര പരീക്ഷയല്ല. പ്രത്യേക ഗൈഡുകളോ പുസ്തകങ്ങളോ പഠിക്കേണ്ടതില്ല. ഒരു വിദ്യാർത്ഥിയിൽ അന്തർലീനമായിട്ടുള്ള സ്വന്തം കഴിവുകൾ ഏതു മേഖലയിൽ ആണെന്ന് തിരിച്ചറിയണം. എങ്കിലേ അഭിരുചിക്കനു സരിച്ച് ഉള്ള കോഴ്സ് പഠിക്കാൻ കഴിയൂ. നമ്മുടെ കുട്ടികൾക്ക് നാം നിർദ്ദേശിക്കുന്ന കോഴ്സിന് പഠിക്കാനായിരിക്കില്ല അഭിരുചി. കുട്ടികൾക്ക് അത് തിരിച്ചറിയാനാണ് ഈ പരീക്ഷ. ഈ പരീക്ഷയിൽ മാർക്കും റാങ്കും ഇല്ല. എന്നാൽ പരീക്ഷയ്ക്ക് ശേഷം ശാസ്ത്രീയമായ അപഗ്രഥനത്തിലൂടെ നൽകുന്ന ഒരു പേജുള്ള റിസൾട്ട് ഷീറ്റിൽ ഏതു

കോഴ്സുകൾ പഠിക്കാം എന്നും, ഏത് ജോലിക്കുള്ള ശേഷിയാണെന്നും, ഇതിനായി പഠനകാലത്ത് അനുവർത്തിക്കേണ്ട പത്ത് നിർദ്ദേശങ്ങളും നൽകും.


## എന്തൊക്കെയാണ് സിലബസ്

സ്കൂൾ പാഠപുസ്തകത്തിലെ അറിവ്, ആശയപരമായ അറിവ് (Conceptual Understanding), Quantitative Aptitude, Test of Reasoning, Multiple Talent, Artificial Intelligence, Mental Ability and Reasoning, General Studies, Current Affairs, Critical Thinking, Sports തുടങ്ങി NEET, KEEM, JEE, Civil Service Preliminary എന്നിവയിൽ പരിശോധിക്കപ്പെടുന്ന സ്കില്ലുകൾ സംബന്ധിച്ച ചോദ്യങ്ങളും ഉണ്ടാകും.

## രജിസ്ട്രേഷൻ ഫീസ്, തീയതി, പരീക്ഷ

2027 ജനുവരി 1 മുതൽ 2027 മാർച്ച് 10 വരെ SNPC-യുടെ വെബ്സൈറ്റായ www.snpcjalakam.org വഴി രജിസ്റ്റർ ചെയ്യാം. ആവശ്യമുള്ളപക്ഷം അതാത് SNDP യൂണിയൻ, ശാഖ, SNPC യൂണിറ്റുകൾ, വനിതാസംഘം ഉൾപ്പെടെയുള്ള യോഗത്തിന്റെ പോഷകസംഘടനകൾ രജിസ്ട്രേഷന് വേണ്ട സഹായങ്ങൾ ചെയ്തു തരുന്നതാണ്. 100 രൂപയാണ് ഫീസ്. 9, 10, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് SNPC പരീക്ഷയിൽ പങ്കെടുക്കാം. 25-4-2027ന് പരീക്ഷ നടത്തും. 15-5 -2027ന് ഫലപ്രഖ്യാപനം ഉണ്ടാകും. 30-5-2027ന് മുൻപ് സർട്ടിഫിക്കറ്റുകളും റിസൾട്ട് ഷീറ്റും നൽകും.

❖❖❖❖❖



## ഓർത്തിരിക്കേണ്ടവ

## ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ
## SNSE

| | |
|---|---|
| രജിസ്ട്രേഷൻ | 17 - 8 - 2026 മുതൽ |
| | 31 - 10 - 2026 വരെ |
| രജിസ്ട്രേഷൻ ഫീസ് | |
| ക്ലാസ്സ് 5, 6, 7 | 300 രൂപ |
| ക്ലാസ്സ് 8, 9, 10, 11, 12 | 350 രൂപ |
| പ്രാഥമികഘട്ട പരീക്ഷ | 27 - 12 - 2026 |
| ഫൈനൽ പരീക്ഷ | 14 - 1 - 2027 |
| സ്കോളർഷിപ്പ് / | |
| സർട്ടിഫിക്കറ്റ് വിതരണം | 20 - 2 - 2027 |

## ശ്രീനാരായണ ടാലന്റ് സെർച്ച് എക്സാമിനേഷൻ
## SNTSE

| | |
|---|---|
| രജിസ്ട്രേഷൻ | 1 - 1 - 2027 മുതൽ |
| | 10 - 3 - 2027 വരെ |
| രജിസ്ട്രേഷൻ അർഹത | 9, 10, 12 ക്ലാസ്സുകൾക്ക് |
| രജിസ്ട്രേഷൻ ഫീസ് | 100 രൂപ |
| പരീക്ഷ | 25 - 4 - 2027 |
| ഫലപ്രഖ്യാപനം | 15 - 5 - 2027 |
| സർട്ടിഫിക്കറ്റ് വിതരണം | 30 - 5 - 2027 |

**രജിസ്ട്രേഷൻ ചെയ്യാൻ**

SNPC വെബ് സൈറ്റ് www.snpcjalakam.org സന്ദർശിക്കുക

Registration Form - SNSE

# SNDP YOGAM

## Sree Narayana Pensioners’ Council

**Working Office : SNDP Union Building, Chembukkavu, Thrissur - 20**
**Ph. 0487 3551791**
**E-mail : snpcouncil2020@gmail.com**
**Web Site : www.snpcjalakam.org**

# MANEESHA WISDOM 4th Phase

**Integrated Educational Excellence & Development**
**Sree Narayana Scholarship Examination (SNSE) 2026-27**

* Indicates required question (Mandatory)

| | |
|---|---|
| *Name | |
| *Parent’s Name<br>Address with Pin Code,<br>Taluk, District* | |
| Whatsapp Number* | |
| Educational Qualification<br>(Class of Std. 5 to +2 eligible)* | |
| Medium of Learning<br>(English / Malayalam) | |
| District* | |
| Name of SNDP Union* | |
| Name of SNDP Sakha & Number* | |
| Details of Fee remitted through<br>code (Transaction Code etc.) | |

Rs. 300/- for students of Standards 5, 6, 7
(including cost of Study Materials)
Rs. 350/- for students of Standards 8, 9, 10, 11, 12
(including cost of Study Materials)

sreenarayan34@fbl

(NB. From your mobile phone you can save this QR Code and browse the same QR Code in your Payment App. Eg. Gpay, for payment)

**പെയ്മെന്റ് നടത്തിയതിന്റെ സ്ക്രീൻഷോട്ട് ഗൂഗിൾ ഫോമിൽ അപ്ലോഡ് ചെയ്യണം.**

(Please upload the payment screenshot in the Google Form)